പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *252 07.02.2018-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിലെ പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ<br>,, വി.എസ്. ശിവകുമാർ<br>,, എം. വിൻസെന്റ്<br>,, ഷാഫി പറമ്പിൽ : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയകാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ; | (എ) "പുതിയ കാലം പുതിയ നിർമ്മാണം" എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി വകുപ്പിലെ പ്രവൃത്തികളിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ എൻ.ആർ.എം.ബി (Natural Rubberised Modified Bitumen), ഉപയോഗ ശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പു വരുത്തുക എന്നീ രീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യകളും, ആധുനിക യന്ത്രങ്ങളും ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ |

2

പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി ഓഡിറ്റിംഗ് ശക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും, സുതാര്യമാക്കുന്നതിന്റെയും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി വകുപ്പിന്റെ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ എഞ്ചിനീയേഴ്സിനുമായി മീറ്റിംഗ് സംഘടിപ്പിച്ച് പുതിയ കാലം പുതിയ നിർമ്മാണം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാൻമാരാക്കി ഈ ചടങ്ങിൽ വച്ച് മികവുറ്റ പ്രവർത്തനം കാഴ്ചവച്ച എഞ്ചിനീയർമാർക്ക് അവാർഡുകൾ നൽകി ജീവനക്കാർക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള പ്രചോദനം നൽകി വകുപ്പിനെ അഴിമതി മുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചു. റീജിയണൽ ഡിസൈൻ ഓഫീസുകൾ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി പുതിയതായി ആരംഭിച്ചും, സമയബന്ധിതമായി പ്രവൃത്തികൾ തീർക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചും വരുന്നു.

(ബി) പുതിയ മുദ്രാവാക്യം കൊണ്ടുവന്നിട്ടും റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പാക്കാത്തത് മൂലം സംസ്ഥാനത്തെ റോഡുകൾ അതീവ ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ കേടുപാടുകൾ അവ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ സമയബന്ധിതമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീർപ്പാക്കി വരുന്നുണ്ട്. എന്നാൽ ചില കാലയളവിലെ തുടർച്ചയായുള്ള മഴ കാരണം റോഡിന്റെ അറ്റകുറ്റ പണികൾ തക്ക സമയം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി വളരെ മെച്ചപ്പെട്ടു. ഈ സർക്കാർ വന്നതിനുശേഷം ബഡ്ജറ്റിലും, അറ്റകുറ്റപണികൾക്കുമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ 1173 ലക്ഷം രൂപയും, തിരുവനന്തപുരം മണ്ഡലത്തിൽ 1047 ലക്ഷംരൂപയും, കോവളം മണ്ഡലത്തിൽ 980.20 ലക്ഷം രൂപയും, പാലക്കാട് മണ്ഡലത്തിൽ 1240 ലക്ഷം രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(സി) ചീഫ് എഞ്ചിനീയറുടെ കീഴിൽ റോഡ് മെയിന്റനൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; പാലങ്ങളുടെ നിർമ്മിതിക്കും അറ്റകുറ്റപണികൾക്കുമായി എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ റോഡുകളുടെ പരിപാലനത്തിനായി സർക്കാർ ഉത്തരവ് നമ്പർ. സ.ഉ.(കൈ)/ 39/2017/പി.ഡബ്ള്യൂ.ഡി, തീയതി 29/06/2017 പ്രകാരം റോഡ് പരിപാലന വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിലാദ്യമാണ്. യൂറോപ്പിലും, USA യിലുമാണ് ഇത്തരത്തിൽ

അറ്റകുറ്റപ്പണികൾക്ക് മാത്രമായിട്ടുള്ള വിഭാഗമുള്ളത്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങളുടെ പുനർനിർമ്മാണത്തിന്റെയും, പുനരുദ്ധാരണത്തിന്റെയും, ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, ഡി.പി.ആർ. തയ്യാറാക്കൽ, നിർമ്മാണം എന്നിവയുടെ മോണിറ്ററിംഗ് ചെയ്യുന്നതിനുമായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ട് 01.02.2017 ലെ സ.ഉ(സാധാ) നം.1806/2017/ പൊ.മ.വ, പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പ്രത്യേക ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിദേശരാജ്യങ്ങളിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവലംബിക്കുന്ന നൂതന സാങ്കേതിക വിദ്യ നമ്മുടെ നാട്ടിലും പ്രാവർത്തികമാക്കുന്നതിനും അതിന് സഹായകമായ രീതിയിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിനും ആലോചിക്കുമോ?

(ഡി) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ